# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6165 — 02/04/2018-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി സെഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ചേലേമ്പ്ര കേന്ദ്രീകരിച്ച് കെ.എസ്. ഇ.ബി സെഷൻ ഓഫീസ് ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ നിലവിൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുകയാണ് ചെയ്യുന്നത്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ആയതിനാൽ ചേലേമ്പ്ര കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നിർവ്വാഹമില്ല. |
| (ബി) | എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ; | | |
| (സി) | ചേലേമ്പ്ര പഞ്ചായത്തിലെ കെ. എസ്.ഇ.ബി ഉപഭോക്താക്കൾ ഏതെല്ലാം സെക്ഷൻ ഓഫീസുകളെയാണ് വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നത്; ഓരോ സെക്ഷനിലും എത്ര ഉപഭോക്താക്കൾ നിലവിലുണ്ട്;വിശദമാക്കുമോ; | (സി) | ചേലേമ്പ്ര പഞ്ചായത്തിലെ ഉപഭോക്താക്കൾ ചേളാരി, രാമനാട്ടുകര, കടലുണ്ടി എന്നീ സെക്ഷൻ ഓഫീസുകളെയാണ് വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നത്. പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ ചേലേമ്പ്ര പഞ്ചായത്ത് പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണവും ആകെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു. |

| സെക്ഷൻ | ചേലേമ്പ്ര പഞ്ചായത്ത് പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണം | ആകെ ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| ചേളാരി | 3,360 | 27,914 |
| രാമനാട്ടുകര | 7,000 | 26,053 |
| കടലുണ്ടി | 4,565 | 18,858 |

| | | | |
|---|---|---|---|
| (ഡി) | പെരുവള്ളൂർ പറമ്പിൽ പീടികയിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | ഉണ്ട്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ നിലവിൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുകയാണ് ചെയ്യുന്നത്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ആയതിനാൽ പെരുവള്ളൂർ പറമ്പിൽ പീടികയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് ആരംഭിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ